# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

05.12.2018- ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2011

### പ്രളയ ദുരിതാശ്വാസ നിധി സമാഹരണവുമായി ബന്ധപ്പെട്ട് വിദേശരാജ്യ സന്ദർശനം

| ചോദ്യം<br>ശ്രീ.അനിൽ അക്കര | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രളയ ദുരിതാശ്വാസ നിധി സമാഹരണം ലക്ഷ്യമിട്ട് മുഖ്യമന്ത്രിയും മന്ത്രിമാരും വിദേശ രാജ്യങ്ങൾ സന്ദർശിക്കുവാൻ തീരുമാനം എടുത്തിരുന്നുവോ; | എ) | തീരുമാനം എടുത്തിരുന്നു. |
| ബി) | ഏതൊക്കെ രാജ്യങ്ങൾ സന്ദർശിക്കുവാനാണ് തീരുമാനിച്ചിരുന്നത്; വിശദാംശം ലഭ്യമാക്കുമോ; | ബി) | യു.എ.ഇ., സൗദി അറേബ്യ, ഒമാൻ, ഖത്തർ, ബഹ്റൈൻ, കുവൈറ്റ്, സിംഗപ്പൂർ, മലേഷ്യ ആസ്ട്രേലിയ, ന്യൂസിലാന്റ്, യുണൈറ്റഡ് കിങ്ഡം, ജർമ്മനി, ആസ്ട്രിയ, ഇറ്റലി, സ്വിറ്റ്സർലാന്റ്, ദി നെതർലാന്റ്സ്, യു.എസ്.എ., കാനഡ, ശ്രീലങ്ക, മാൽദ്വീപ്സ് എന്നീ രാജ്യങ്ങൾ സന്ദർശിക്കുവാനാണ് തീരുമാനിച്ചിരുന്നത്. |
| സി) | വിദേശ രാജ്യ സന്ദർശനത്തിന് കേന്ദ്ര സർക്കാർ അനുമതി നിഷേധിച്ചിരുന്നുവോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | സി) | മുഖ്യമന്ത്രി ഒഴികെയുള്ള മറ്റു മന്ത്രിമാർക്ക് കേന്ദ്ര വിദേശ കാര്യ മന്ത്രാലയം യാത്രാനുമതി നൽകിയിരുന്നില്ല. |
| ഡി) | ചില മന്ത്രിമാരെ ക്ഷണിച്ചത് രജിസ്ട്രേഷനില്ലാത്ത കടലാസ് സംഘടനകളാണെന്നത് വസ്തുതയാണോ; എങ്കിൽ ഏതൊക്കെ സംഘടനയുടെ ക്ഷണമാണ് ഇത്തരത്തിൽ ലഭിച്ചത്; | ഡി) | ഇക്കാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| ഇ) | വിദേശ മലയാളികളിൽ നിന്നും സംഘടനകളിൽ നിന്നും എത്ര കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്; | ഇ) | പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിൽ വിദേശ മലയാളികളുടെയും സംഘടനകളുടെയും സഹകരണം തേടുകയായിരുന്നു വിദേശ യാത്രയിലൂടെ ഉദ്ദേശിച്ചത്. |
| എഫ്) | മന്ത്രിമാരുടെ സന്ദർശനമില്ലാതെ തന്നെ വിദേശ മലയാളികളും സംഘടനകളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 2018 ആഗസ്റ്റ് മാസത്തിനുശേഷം എത്ര തുകയാണ് സംഭാവനയായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | എഫ്) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആഗസ്റ്റ് മാസത്തിനുശേഷം മൊത്തം 2046.59 കോടി രൂപയാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ വിദേശ മലയാളികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭ്യമായ സംഭാവന തുക പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ